**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6478** **10-11-2021 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന സ്ഥലമേറ്റെടുപ്പ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ തങ്കളം - കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ എരമല്ലൂർ വില്ലേജിലെ 5.9258 ഹെക്ടർ സ്ഥലം കാക്കനാട് - കോതമംഗലം റോഡ് വികസനത്തിനായി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തിയിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചിട്ടുള്ളതും വിദഗ്ധ സമിതി 30.07.2019-ന് ശുപാർശ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ ആക്ടിലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം 27.11.2019-ലെ സ.ഉ.(കൈ) നമ്പർ 357/2019/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിദഗ്ധ സമിതി റിപ്പോർട്ട് നല്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. എന്നാൽ പല കാരണങ്ങളാൽ ഈ കാലയളവിനുള്ളിൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലാത്തതും ആയതിനാൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സമയം ദീർഘിപ്പിച്ച് നല്കുന്നതിനുള്ള ശുപാർശ അംഗീകരിച്ച് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 30.07.2020 - മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് 13.11.2020-ലെ സ.ഉ.(അച്ചടി) നമ്പർ 90/2020/റവ പ്രകാരം ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം (പ്രാഥമിക വിജ്ഞാപനം) 30.01.2021-ലെ സ.ഉ.(അച്ചടി)നമ്പർ.14/2021/റവ പ്രകാരം |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ സർവ്വെ നടപടികൾ അവസാന ഘട്ടത്തിലുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് 12 മാസത്തിനകം അതായത് 30.01.2022-നകം 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് പ്രതീക്ഷിച്ച പുരോഗതിയില്ലായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കോതമംഗലം മണ്ഡലത്തിലെ തങ്കളം - കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ എരമല്ലൂർ വില്ലേജിലെ 5.9258 ഹെക്ടർ സ്ഥലം കാക്കനാട് - കോതമംഗലം റോഡ് വികസനത്തിനായി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തിയിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചിട്ടുള്ളതും വിദഗ്ദ്ധ സമിതി 30.07.2019-ന് ശുപാർശ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ ആക്ടിലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം 27.11.2019-ലെ സ.ഉ.(കൈ) നമ്പർ 357/2019/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് നല്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. എന്നാൽ പല കാരണങ്ങളാൽ ഈ കാലയളവിനുള്ളിൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലാത്തതും ആയതിനാൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സമയം ദീർഘിപ്പിച്ചു നല്കുന്നതിനുള്ള ശുപാർശ അംഗീകരിച്ച് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 30.07.2020 - മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു 13.11.2020-ലെ സ.ഉ.(അച്ചടി) നമ്പർ 90/2020/റവ പ്രകാരം ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം (പ്രാഥമിക വിജ്ഞാപനം) 30.01.2021-ലെ സ.ഉ.(അച്ചടി)നമ്പർ.14/2021/റവ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ സർവ്വെ നടപടികൾ അവസാന ഘട്ടത്തിലുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് 12 മാസത്തിനകം അതായത് 30.01.2022-നകം 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | 255 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാരുടെ ഒരു ഓഫീസ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, കാക്കനാട് ഓഫീസ് മുഖാന്തിരം പൊന്നുംവില നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ